"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കണ്ണൂർ സ്വദേശി ശ്രീ സുജിത്ത് ഡി -യ്ക്ക് ശ്രുതിതരംഗം പദ്ധതിയുടെ ഭാഗമായി പ്രോസസ്സർ അപ്ഗ്രഡേഷൻ അനുവദിക്കുന്നത് പ്രത്യേക കേസായി പരിഗണിച്ച് ഇളവ് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ആരോഗ്യ കുടുംബക്ഷേമ (എം) വകുപ്പ്**

സ.ഉ.(സാധാ) നം.710/2024/H&FWD തീയതി,തിരുവനന്തപുരം, 09-03-2024

---

പരാമർശം:-

1. 23.07.2023 തീയതിയിലെ സ. ഉ (സാധാ ) നം.1803/2023/ ആ.കു.വ
2. 11.01.2024-ൽ ചേർന്ന സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റിയുടെ ശുപാർശ .
3. എക്സിക്യൂട്ടീവ് ഡയറക്ടർ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ 08.02.2024 തീയതിയിലെ SHA/ 554 / 2023 MGR(OPN ) നമ്പർ , 05.03.2024 തീയതിയിലെ SHA/ 544 / 2023 MGR(OPN ) നമ്പർ കത്തുകൾ.

**ഉത്തരവ്**

ഗുരുതരമായ ശ്രവണ വൈകല്യമുള്ള 5 വയസ്സുവരെയുള്ള കുട്ടികൾക്കുള്ള ശ്രുതിതരംഗം പദ്ധതിയുടെ മാർഗ്ഗ നിർദേശങ്ങൾക്ക് പരാമർശം 1 പ്രകാരം അംഗീകാരം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. 11.01.2024-ൽ കൂടിയ ശ്രുതിതരംഗം പദ്ധതിയുടെ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റിയിൽ പ്രോസസ്സർ അപ്ഗ്രഡേഷനുള്ള ശ്രീ. സുജിത്തിന്റെ (36 വയസ്സ്) അപേക്ഷ പരിശോധിക്കുകയും, പ്രത്യേക കേസായി പരിഗണിക്കാൻ അനുമതി നൽകണമെന്ന് ശുപാർശ ചെയ്യുതായി, എക്സിക്യൂട്ടീവ് ഡയറക്ടർ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി പരാമർശം 3-ലെ 08.02.2024 തീയതിയിലെ കത്ത് പ്രകാരം അറിയിക്കുകയുണ്ടായി.

3. 'ശ്രുതിതരംഗം' പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള യോഗ്യതാ മാനദണ്ഡമനുസരിച്ച്, 5 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്കാണ് പദ്ധതിക്ക് അർഹതയുള്ളത്. എന്നാൽ ശ്രീ. സുജിത്തിന് കേൾവി ശക്തി പൂർണ്ണമായും, കാഴ്ച ശക്തി ഭാഗികമായും മാത്രമേ ഉള്ളൂയെന്ന അനുകമ്പാർഹമായ സാഹചര്യവും സാമ്പത്തിക സ്ഥിതിയും കണക്കിലെടുത്ത് ഒരു പ്രത്യേക കേസ് ആയി കണക്കാക്കി, പരാമർശം (1) സർക്കാർ ഉത്തരവിലെ നിലവിലുള്ള വ്യവസ്ഥയിൽ ഇളവ് വരുത്തി, ശ്രീ. സുജിത്തിന് പ്രോസസ്സർ അപ്ഗ്രഡേഷന് വേണ്ട നടപടി സ്വീകരിക്കാൻ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷ് ആർ
അഡിഷണൽ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ ,സ്റ്റേറ്റ് ഹെൽത്ത് ഏജൻസി
ശ്രീ സുജിത് സി , C/O എം സുശീല , സൗപർണിക , കല്യാശ്ശേരി , കണ്ണൂർ 670562
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ്) , തിരുവനന്തപുരം .
കരുതൽ ഫയൽ / ഓഫീസ് കോപ്പി (M4/63/2024-HEALTH)

ഉത്തരവിൻ പ്രകാരം

Signed by
Shaila Kumari M
Date: 10-03-2024 21:51:15

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു ആരോഗ്യകുടുംബക്ഷേമ വകുപ്പ് മന്ത്രിയുടെ പി.എസ് ന്
ആരോഗ്യ കുടുംബക്ഷേമ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
ആരോഗ്യ കുടുംബക്ഷേമ അഡിഷണൽ സെക്രട്ടറിയുടെ സി .എയ്ക്ക്